# മണ്ണിനെ തിരിച്ചു പിടിക്കുക

"വേർതിരിക്കുന്നതും സംഹരിക്കുന്നതുമായ അറിവിന്റെ ആധിപത്യത്തെ നാം വികസനം എന്നു വിളിക്കുന്നു. അതിന്റെ അതിപ്രസരം ദുരയുടേയും ദുരിതത്തിന്റെയും പെരുകലാകുന്നു"

മസനോബു ഫുക്കുവോക്ക 'ഒറ്റവൈക്കോൽ വിപ്ലവം' എന്ന ഗ്രന്ഥത്തിലൂടെ അടിവരയിട്ടു പറയുന്ന ഇതേ ആശയം തന്നെയാണ് ജൈവ കർഷക സമിതി മുൻ പ്രസിഡണ്ടായ കെ.വി. ദയാൽ നമുക്കു കാട്ടിത്തരുന്നത്. കേരളീയം അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്.

**കാർഷികരംഗത്തെ പ്രതിസന്ധിയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

കൃഷിക്കാർ ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. ആധുനിക കൃഷിശാസ്ത്രം കൃഷിക്കാരുടെ മേൽ അടിച്ചേൽപ്പിച്ചതിന്റെ പ്രതിഫലനമാണ് ഇന്ന് പത്രവാർത്തകളിൽ നിറഞ്ഞു നില്ക്കുന്ന കർഷകരുടെ ആത്മഹത്യകൾ. കേരളത്തിന്റെ ജീവിതനിലവാര തോതിനനുസരിച്ച് കൃഷി കൊണ്ട് ആദായമുണ്ടാക്കി ജീവിക്കാനാകും എന്ന മിഥ്യാധാരണയാണ് കൃഷിക്കാരെ ഇത്തരം അവസ്ഥയിലെത്തിച്ചത്. "ആധുനിക കൃഷിരീതി അവലംബിക്കുന്നതു വഴി വിളവ് കൂടുതൽ കിട്ടുമെന്ന ധാരണയിൽ മാർക്കറ്റിൽ എന്ത് സംഭവിക്കുമെന്ന് ചിന്തിക്കാതെ എടുത്തു ചാടി പ്രവർത്തിച്ചതിന്റെ ഫലമാണ് ഇന്നത്തെ കാർഷിക മേഖലയുടെ തകർച്ച.

കൃഷിക്കാരുടെ പ്രതിസന്ധിയെ വിലയിരുത്തുകയാണെങ്കിൽ പ്രശ്നങ്ങൾ പലതാണ്. ചെലവ് കൂടി, മണ്ണ് പോയി, കൃഷിയിലെ പ്രശ്നങ്ങൾ വർദ്ധിച്ചു, വിളവ് കുറഞ്ഞു, വിളവിനാണെങ്കിൽ വിലയില്ല, ഇതിനൊക്കെ ഉപരിയാണ് കർഷകരുടെ ജീവിതമൂല്യത്തിനുണ്ടായ തകർച്ച. ആത്മാഭിമാനമുള്ള കർഷകൻ വായ്പകൾ തിരികെ കൊടുക്കും, ആ സത്യസന്ധതയ്ക്കുണ്ടായ തകർച്ചയാണ് ആ കർഷകനെ ആത്മഹത്യയിലെത്തിക്കുന്നത്. കർഷകർ ഇതൊന്നും തിരിച്ചറിയുന്നില്ലെന്നതാണ് സത്യം. അവർ ഇപ്പോഴും ആധുനിക കൃഷിരീതിയിലൂടെ കരകയറാമെന്ന ചിന്തയിലാണ്.

**കർഷകൻ ഇന്ന് നേരിടുന്ന പ്രതിസന്ധി ആധുനിക കൃഷിരീതിയിലൂടെ തരണം ചെയ്യാനാവില്ലെന്നാണോ ?**

ഒരിക്കലും സാധ്യമല്ല. ഏത് ബയോടെക്നോളജി ഉപയോഗിച്ചാലും, രാസവളകൃഷിയിൽ അഭയം തേടിയാലും ആധുനിക കൃഷിരീതിയിലൂടെ മെച്ചപ്പെട്ട ആദായം നേടാനാവില്ല. കർഷകർക്കു ചെയ്യാവുന്ന കാര്യം മണ്ണിനെ തിരിച്ചുകൊണ്ടുവരിക എന്നതാണ്. ജൈവ കൃഷിയിലൂടെ മണ്ണിന്റെ നഷ്ടപ്പെട്ടുപോയ വളക്കൂറ് തിരിച്ചുകൊണ്ടുവരാൻ കഴിയും. പക്ഷേ അതിന് സമയമെടുക്കും. കൃഷികൊണ്ട് ആദായം ഉണ്ടാക്കാമെന്ന പ്രത്യാശ വെറുതെയാണ്. കേരളത്തിൽ മാത്രമല്ല പുറംരാജ്യങ്ങളിലും അവസ്ഥ വേറെയല്ല.

ഗ്രീൻ ഹൗസ് കൃഷിപോലുള്ള ആധുനിക ഹൈടെക് കൃഷിരീതികൾ മൂലമുണ്ടാകാൻ പോകുന്ന തകർച്ച വളരെ കൂടുതലായിരിക്കും. അത്തരം കൃഷിരീതികളിലൂടെ ആഹാരം ഉല്പാദിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ അതിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ആഹാരവും ആരോഗ്യവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ലോകം അറിഞ്ഞുവരുന്നതേയുള്ളൂ. അധികോല്പാദനം മൂലമുണ്ടാകുന്ന മാർക്കറ്റിന്റെ തകർച്ച ആധുനികകൃഷി രീതികളുടെ ശാപമായി തുടരുന്നു. പുതിയ കൃഷിരീതികൾക്ക് പരമ്പരാഗത കാർഷിക മാർഗ്ഗങ്ങളിൽ ഇറക്കേണ്ട പണച്ചെലവിനേക്കാൾ പതിന്മടങ്ങു വേണ്ടി വരുന്നതും കർഷകർക്ക് വിനയാകുന്നു.

**കാർഷിക മേഖലയുടെ നിലനില്പിന് ഏതുതരത്തിലുള്ള ഇടപെടലുകളാണ് ആവശ്യം?**

സർക്കാരുകളുടെ ഭാഗത്തുനിന്നാണ് ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടത്. കൃഷിയോട് ബന്ധപ്പെട്ട് കിടക്കുന്ന ചെറിയ വ്യവസായങ്ങൾ ഉണ്ടാകേണ്ടതിന് ആവശ്യമായ പരിതസ്ഥിതി സൃഷ്ടിക്കുകയാണ് കർഷകരുടെ ഭാഗത്തുനിന്ന് ആദ്യം ഉണ്ടാവേണ്ടത്. അതിനായി ഇതുവരെ നാം ഉപയോഗപ്പെടുത്താത്ത കൃഷി ഉല്പന്നങ്ങളെ പുതിയ തരത്തിൽ മാർക്കറ്റിലിറക്കേണ്ടത് ആവശ്യമാണ്. ഉദാഹരണത്തിന് കേരളത്തിൽ സുലഭമായ 'ചക്കച്ചുള' 'ഡ്രയർ' ഉപയോഗിച്ച് ഉണക്കി സംഭരിച്ച് മാർക്കറ്റിലിറക്കിയാൽ രണ്ടുമിനിട്ടുകൊണ്ട് വെള്ളത്തിൽ തിളപ്പിച്ച് കഴിക്കാവുന്ന പോഷകമൂല്യമുള്ള ഭക്ഷണം തയ്യാറാക്കാം. അതുപോലെ ചക്കക്കുരു ഉണക്കി പൊടിച്ച് ടേസ്റ്റ് മേക്കർ ആക്കിയാൽ ഏതു കറിയിലും ചേർത്ത് ഉപയോഗിക്കാവുന്ന ഒന്നാംതരം ഉല്പന്നമാണ്. പ്ലാവ് കൃഷിയിൽ നിന്നും ഇത്തരം ഉല്പന്നങ്ങൾക്കുള്ള സാധ്യതകൾ കണ്ടെത്താവുന്നതുപോലെ വിവിധ കൃഷികളിൽനിന്നും ചെറിയ കുടിൽ വ്യവസായങ്ങൾ സൃഷ്ടിക്കാൻ നമുക്ക് എളുപ്പം സാധിക്കും.

**കേരളത്തിലെ കർഷകർ ഭൂരിഭാഗം വരുന്ന ചെറുകിട കർഷകരാണല്ലോ നമ്മുടെ കാർഷിക സമ്പദ് ഘടനയെ നിയന്ത്രിക്കുന്നത്. തകർച്ചയെ അഭിമുഖീകരിക്കുന്ന അവർക്കു ഇൻഫാം പോലുള്ള കാർഷിക കൂട്ടായ്മകൾ ആവശ്യമല്ലേ?**

ചെറുകിട കർഷകരുടെ കൂട്ടായ്മ ആവശ്യമാണ്. എന്നാൽ ഇൻഫാം പോലുള്ള കാർഷിക കൂട്ടായ്മകൾ കർഷകന്റെ ആത്മവിശ്വാസം നഷ്ടപ്പെടുത്താനേ ഉപകരിക്കൂ. ഇൻഫാമിന്റെ കൂടിച്ചേരലുകൾ ഇതുവരെ തുടർന്നുവന്ന രാഷ്ട്രീയ കൂടിച്ചേരലുകളുടെ പാത തന്നെയാണ്. ഗവൺമെന്റിൽനിന്നും അവകാശം പിടിച്ചുപറ്റാൻ മാത്രമുള്ള കൂടിച്ചേരലുകൾ പോലെത്തന്നെ അപകടകരമായതാണ് ഇത്തരം കൂടിച്ചേരലുകളും. ഇന്നത്തെ നിലയിൽ നമുക്ക് ആവശ്യം, പത്തോ പതിനഞ്ചോ കർഷകർ കൂട്ടായി നമുക്കെന്തു ചെയ്യാൻ കഴിയും എന്ന് തീരുമാനിച്ച് നടപ്പാക്കുകയാണ്.

**ഭക്ഷ്യസ്വയംപര്യാപ്തത നേടാൻ കേരളത്തിന് എന്നെങ്കിലും സാധ്യമാകും എന്ന് വിശ്വസിക്കുന്നുണ്ടോ?**

സാധ്യമാകും, പക്ഷേ നഷ്ടമായ മണ്ണു കുറച്ചു തിരികെ കിട്ടണം. ടാറ്റായ്ക്കു തേയില നടാൻ കൊടുത്ത പതിനായിരക്കണക്കിന് ഏക്കർ ഭൂമിയും മലയാളം പ്ലാന്റേഷന് റബ്ബർ നടാൻ കൊടുത്ത ഭൂമിയും നമുക്ക് ലഭിക്കേണ്ടതായി വരും. ഭക്ഷണം വിളയാൻ അനുയോജ്യമായ സ്ഥലങ്ങളാണിവ. അത്തരം സ്ഥലങ്ങൾ മാറ്റിവെച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ മാത്രം ഭക്ഷ്യവിളകൾ കൃഷിചെയ്താൽ നമ്മൾക്ക് എങ്ങനെ ഭക്ഷ്യസ്വയം പര്യാപ്തത സാധ്യമാകും? തേയില കൃഷി ചെ

(ശേഷം 5-ാം പേജിൽ)

